ഖുത്ബ നമ്പർ
# 11
**14-03-2014**

بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلى عبده المسيح الموعود

## ജുമുഅ ഖുത്വ്ബ
## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایدہ اللہ تعالیٰ بنصرہ العزیز

**വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ**



*Baitul Futuh, London*

# ആത്മീയ പുരോഗതിക്കുള്ള അടിത്തറ ദൈവജ്ഞാനം കരസ്തമാക്കൽ

കുറച്ച് ആഴ്ചകൾക്ക് മുമ്പ് കർമസംസ്കരണത്തെ കുറിച്ച് തുടർച്ചയായി ഞാൻ ഖുത്വ്ബകൾ നൽകിയിരുന്നു. അതിൽ പരാമർശിച്ചിരുന്ന ഒരു കാര്യം ഹ: മസീഹ് മൗഊദ് عليه السلام നമ്മുടെ മുമ്പാകെ അല്ലാഹുവിനെ എങ്ങനെയാണ് സമർപിച്ചത് എന്നും മഅ്റിഫത്തും ദൈവസ്നേഹവും കരസ്ഥമാക്കാനുള്ള ഏതെല്ലാം മാർഗങ്ങളാണ് പറഞ്ഞു തന്നത് എന്നും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനായി അദ്ദേഹം ഏതു രീതിയിലാണ് വഴി കാട്ടിയത് എന്നും അല്ലാഹുവിന്റെ നവമായ വചനങ്ങളും അല്ലാഹു അദ്ദേഹത്തിനായി വെളിപ്പെടുത്തിയ മുഅ്ജിസത്തുകളും അടയാളങ്ങളും എത്രമാത്രം പ്രൗഢമായ രീതിയിൽ വെളിപ്പെട്ടു എന്നുമെല്ലാം അതിൽ വിവരിച്ചിരുന്നു. ഈ കാര്യങ്ങളെ കുറിച്ചുള്ള അറിവെല്ലാം നമുക്ക് ഹ: മസീഹ് മൗഊദ് عليه السلام ന്റെ ലിഖിതങ്ങളിലൂടെ കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അങ്ങനെ ഇവയെല്ലാം നമ്മുടെ വിശ്വാസവും കർമവും പുരോഗതിയിലേക്ക് ഗമിക്കാൻ കാരണമായിത്തീരട്ടെ. അതിനാൽ ഇന്ന് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഹ: മസീഹ് മൗഊദ് عليه السلام ന്റെ ലിഖിതങ്ങളുടെയും ഉപദേശങ്ങളുടെയും ചില മാതൃകകൾ സമർപ്പിക്കുകയാണ്. ഇവയിൽ ദൈവികജ്ഞാനം കരസ്ഥമാക്കുന്നതിനെ കുറിച്ച് വെളിച്ചം വീശിയിരിക്കുന്നു. ഇതു മാത്രമുള്ള ലിഖിതങ്ങൾ നാം എടുക്കുകയാണെങ്കിൽ അവ തന്നെ നൂറുക്കണക്കിന് പേജുകൾ കവിയുന്നതാണ്. ഏതായിരുന്നാലും മാതൃക എന്ന നിലയിൽ ചില ഉദ്ധരണികൾ മാത്രമാണ് ഇന്ന് നിങ്ങളുടെ മുമ്പാകെ വെക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ മഅ്റിഫത്ത് ഇലാഹി എന്താണെന്നും, ഇതിൽ പ്രവാചകന്മാർക്കും ഔലിയാക്കൾക്കും പ്രത്യേക സ്ഥാനം കരസ്ഥമായിട്ടുണ്ടെങ്കിലും ഒരു സാധാരണ മുസ്‌ലിമിന് ഇവയിൽ ഏതു സ്ഥാനമാണ് കരസ്ഥമാക്കേണ്ടത് എന്നും മനസ്സിലാകുന്നതാണ്. എളുപ്പമുള്ള ഉദ്ധരണികൾ കേൾപ്പിക്കാനാണ് ഞാൻ ശ്രമിച്ചത്. എന്നിരുന്നാലും ചിലത് മനസ്സിലാക്കാൻ പ്രയാസമുള്ളതുമായിരിക്കാം. അതിന്റെ ഭാഷ പ്രയാസമുള്ളതായിരിക്കാം.

അല്ലാഹുവിലേക്ക് എത്താൻ നാമെന്ത് ചെയ്യണം എന്നതിലേക്ക് വെളിച്ചം വീശിക്കൊണ്ട് ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു. "മനുഷ്യന് അല്ലാഹുവിലേക്ക് എത്തിച്ചേരാൻ രണ്ടു കാര്യങ്ങളാണ് ആവശ്യമായിട്ടുള്ളത്. ഒന്ന് തിന്മയിൽ നിന്ന് വിട്ട് നിൽക്കുക. രണ്ട് നന്മ പ്രവർത്തിക്കുകയും ചെയ്യുക. തിന്മ ഉപേക്ഷിക്കുക എന്നത് മാത്രം ഒരു വലിയ കഴിവല്ല. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതു മുതൽ ഈ രണ്ട് ശക്തികളും അവന്റെ പ്രകൃതത്തിൽ വെച്ചിരിക്കുന്നു. ഒന്ന് അവന്റെ ശാരീരികേച്ഛ അവനെ ഭൗതികതയിലേക്ക് കൊണ്ടു പോകുന്നു. എന്നാൽ അവന്റെ പ്രകൃതത്തിൽ അടങ്ങിയിരിക്കുന്ന ദൈവസ്നേഹത്തിന്റെ അഗ്നി ബാഹ്യമായി വസ്തുക്കളെ തീ കത്തിച്ച് ചാമ്പലാക്കുന്നതു പോലെ ആ തിന്മയെ എരിച്ചു കളയുന്നു. എന്നാൽ തിന്മയെ കത്തിച്ച് ചാമ്പലാക്കുന്ന ആ ആത്മീയ അഗ്നി ആളിക്കത്തണമെങ്കിൽ, മഅ്റിഫത്തെ ഇലാഹിയുടെ (ദൈവജ്ഞാനത്തിന്റെ) ആവശ്യമാണുള്ളത്. (മഅ്റിഫത്തെ ഇലാഹി ഉണ്ടായാൽ മാത്രമേ ആ അഗ്നി ആളിക്കത്തുകയുള്ളൂ.) കാരണം ഓരോ വസ്തുവിനോടുമുള്ള സ്നേഹവും പ്രേമവും അതിനെകുറിച്ചുള്ള ജ്ഞാനവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ഏതൊരു വസ്തുവിന്റെ സൗന്ദര്യവും മഹത്വവും നിങ്ങൾക്ക് അറിയില്ലയോ അതിനെ പ്രേമിക്കാൻ നിങ്ങൾക്ക് കഴിയില്ല. അതിനാൽ പ്രതാപവാനായ ദൈവത്തിന്റെ സൗന്ദര്യവും ശ്രേഷ്ഠ ഗുണങ്ങളുടെ ജ്ഞാനവും ആണ് അവനോടുള്ള സ്നേഹം ഉണ്ടാക്കുക. സ്നേഹാഗ്നി കൊണ്ടാണ് തിന്മ കത്തിച്ചാമ്പലാക്കുക. എന്നാൽ അല്ലാഹുവിന്റെ സനാദനനിയമം എന്നത് പൊതുജനങ്ങൾക്ക് ആ ദൈവിക ജ്ഞാനം പ്രവാചകന്മാർ മുഖേനയാണ് ലഭിക്കുന്നത് എന്നാണ്. അവരുടെ പ്രകാശത്താൽ ഇവർ പ്രകാശം കരസ്ഥമാക്കുന്നു. അവർക്ക് നൽകപ്പെട്ടതിനെ പിൻപറ്റുക വഴി ഇവർക്ക് എല്ലാം കരസ്ഥമാക്കുന്നു."

അദ്ദേഹം മറ്റൊന്ന് വ്യക്തമാക്കിയത്, ഞാൻ എല്ലാ മതങ്ങളെ കുറിച്ച് ശരിക്കും പരിശോധന നടത്തിയിട്ടുണ്ട്. ഇതിനു ശേഷം ഞാൻ എത്തിയിരിക്കുന്നത് ഇസ്‌ലാം മാത്രമാണ് ദൈവജ്ഞാനം എല്ലാ കാലത്തും നൽകുന്ന മതം എന്നാണ്. കാരണം അതിന്റെ പ്രവാചകൻ എന്നെന്നും ജീവിച്ചിരിക്കുന്നു. അതിന്റെ അധ്യാപനങ്ങളും സജീവമാണ്. തിരുനബി യോടുള്ള സ്നേഹത്താലും പിൻപറ്റലിലൂടെയും അല്ലാഹുവിന്റെ വചനം വരെ നിങ്ങളിൽ ഇറങ്ങുന്നതാണെന്ന് അല്ലാഹു പറയുന്നു. ദൈവിക പ്രകാശത്തിന്റെ കവാടം തുറക്കപ്പെടുന്നതുമാണ്. അതിൽ നിന്ന് അനുഗ്രഹങ്ങൾ കരസ്ഥമാക്കുകയും ചെയ്യാവുന്നതാണ്.

ഇസ്‌ലാമിന്റെ പൊരുളും ദൈവജ്ഞാനവും തമ്മിലുള്ള ബന്ധത്തെ വിശദീകരിച്ചുകൊണ്ട് പറയുന്നു: "അറിവിനേയും ജ്ഞാനത്തേയും അല്ലാഹു ഇസ്‌ലാമിന്റെ യാഥാർഥ്യം കരസ്ഥമാക്കുന്നതിനുള്ള മാർഗങ്ങൾ ആക്കിയിരിക്കുന്നു. ഇസ്‌ലാമിന്റെ യാഥാർഥ്യം കരസ്ഥമാക്കാനുള്ള മറ്റു മാർഗങ്ങളായ നമസ്കാരം നോമ്പ്, ദുഃആ, 600 ൽ കൂടുതലുള്ള ദൈവ കല്പനകൾ എന്നിവയെല്ലാം

ഉണ്ടെങ്കിൽ തന്നെയും അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ചുള്ള അറിവും അല്ലാഹുവിന്റെ സൗന്ദര്യവും പ്രതാപവും ഉൾക്കൊള്ളുന്ന ഗുണങ്ങളുടെ ജ്ഞാനവും ആണ് മറ്റെല്ലാം കരസ്ഥമാക്കുന്നതിനുള്ള അടിസ്ഥാനം." (അല്ലാഹുവിന്റെ മഹത്വത്തെ കുറിച്ചും, ഏകത്വത്തെ കുറിച്ചും, ഗുണങ്ങളെ കുറിച്ചുമുള്ള ജ്ഞാനം കരസ്ഥമാക്കലി ലൂടെയാണ് അല്ലാഹുവിനെ നമുക്ക് അറിയേണ്ടരീതിയിൽ അറിയാൻ സാധിക്കുക.)

പറയുന്നു: "ആരാണോ അശ്രദ്ധയിലും ദൈവജ്ഞാന ത്തിൽ നിന്നും പൂർണമായും അകന്നുമിരിക്കുന്നത് അവർക്ക് നമസ്കാരവും നോമ്പും അനുഷ്ഠിക്കാനും ദുഃആ ചെയ്യാനും മറ്റു നന്മകളിൽ മുഴുകാനും എങ്ങനെ സാധിക്കും. ഈ എല്ലാ സൽപ്രവർത്തനങ്ങളുടെയും ചാലക ശക്തി മഅ്രിഫത്ത് ആണ്. മറ്റെല്ലാ മാർഗങ്ങളും തന്നെ ഇതിനാൽ ഉണ്ടായതും ഇതിന്റെ തന്നെ മക്കളുമാണ്. ഈ മഅ്രിഫത്തിന്റെ തുടക്കം റഹ്മാനിയത്ത് എന്ന ഗുണം മുഖേനയാണ് പ്രകടമാകുന്നത്. (അല്ലാഹുവിന്റെ മഅ്രിഫത്തിന്റെ പ്രാരഭം കുറിക്കുന്നത് റഹ്മാനിയത്ത് എന്ന ഗുണം മുഖേനയാണ്) ഏതെങ്കിലും പ്രവർത്തനത്താലോ പ്രാർഥനയാലോ അല്ല. ഇത് ഏതെങ്കി ലും കർമഫലമായിട്ടല്ല. മറിച്ച് ദൈവത്തിന്റെ വരദാനമാണ്. (ഏതെങ്കിലും കാരണം കൊണ്ടല്ല ഇത് ലഭിക്കുന്നത്. മറിച്ച് അല്ലാഹുവിന്റെ വരദാനമാണ് ലഭിക്കുന്നത്) ഇത് റഹ്മാനി യത്താണ്. പറയുന്നു; يُضِلُّ مَنْ يَّشَآءُ وَيَهْدِىْ مَنْ يَّشَآءُ

പിന്നീട് ഈ മഅ്രിഫത്ത് സൽപ്രവർത്തിയുടെയും വിശ്വാസ സൗന്ദര്യത്തിന്റെയും അംശത്തേക്കാൾ കൂടുതലായിരിക്കും."

ഇതിൽ പറഞ്ഞ ഒന്നാമത്തെ കാര്യം മഅ്രിഫത്ത് അല്ലാഹുവിൽ നിന്നും ലഭിക്കുന്നു. അല്ലാഹുവിന്റെ റഹ്മാനിയത്ത് മുഖേന ലഭിക്കുന്നു. അതിനു ശേഷം മനുഷ്യൻ എന്ത് ചെയ്യണം. സൽപ്രവർത്തികൾ അവൻ ചെയ്യണം.വിശ്വാസത്തെ കൂടുതൽ സൗന്ദര്യമുള്ളതാക്കി മാറ്റാൻ ശ്രമിക്കുകയും വേണം. വിശ്വാസത്തിൽ സൗന്ദര്യമുണ്ടാകുമ്പോൾ, സൽപ്രവർത്തനമുണ്ടാകുമ്പോൾ ഈ മഅ്രിഫത്തിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കും. ഏതുവരെയെന്നാൽ ഇൽഹാമിന്റെയും ദൈവ വചനത്തിന്റെ രൂപത്തിലും ഈ അനുഗ്രഹം ഇറങ്ങാൻ തുടങ്ങി നെഞ്ചക ത്തെ ഒന്നടങ്കം ഈ പ്രകാശം കൊണ്ട് പ്രഭാപൂരിതമാക്കി ത്തീർക്കുന്നു. ഇതിന്റെ പേരാണ് ഇസ്ലാം."

അല്ലാഹുവിനെ കുറിച്ചുള്ള മഅ്രിഫത്ത്, തിന്മയിൽ നിന്ന് രക്ഷപ്പെടുത്തുകയും നന്മ ചെയ്യാനുള്ള കഴിവ് നൽകുന്നതു മാണ് എന്നതിനെ കുറിച്ചും ദുഃആയുടെ ഉന്നത സ്ഥാനത്തെ കുറിച്ചും പറഞ്ഞുകൊണ്ട് പറയുന്നു: "യഥാർഥമെന്തെന്നാ ൽ, അല്ലാഹുവിന്റെ കൃപയാലും ദയയാലും ഏതുവരെ അവനെ കുറിച്ചുള്ള മഅ്രിഫത്ത് കരഗതമാകുന്നില്ലയോ, അവനിൽ നിന്ന് ശക്തി ലഭിക്കുന്നില്ലയോ അതുവരെ ഒരു മനുഷ്യനും തന്നെ യഥാർഥ അർഥത്തിൽ തിന്മയിൽ നിന്ന് മോചനം നേടാനോ ശരിയായ രീതിയിൽ അല്ലാഹുവിനെ സ്നേഹിക്കാനോ അവനെ അർഹിക്കുന്ന രീതിയിൽ ഭയപ്പെടാനോ സാധ്യമല്ല."

ഭയവും സ്നേഹവും എല്ലാം തന്നെ യഥാർഥ ജ്ഞാനം മുഖേനയാണ് ഉണ്ടാക്കുക എന്നത് ഒരു പരമാർഥമാണ്. ലോകത്ത് മനുഷ്യൻ സ്നേഹിക്കുന്ന ഓരോ വസ്തുവി നോടും അടുപ്പം കാണിക്കുന്നതും അതേപോലെ അവൻ ഭയക്കുന്ന ഓരോ വസ്തുവിൽ നിന്നും ഓടി അകലുന്നതും എല്ലാം തന്നെ ആദ്യം അവന്റെ ഹൃദയത്തിൽ ഉണ്ടായ ജ്ഞാനത്തിന് ശേഷമാണ്. അല്ലാഹുവിന്റെ കൃപയില്ലാതെ മഅ്രിഫത്ത് ലഭിക്കില്ല എന്നതും സത്യം തന്നെ. അല്ലാഹു വിന്റെ ഫള്ൽ ഇല്ലാതെ അത് ഗുണവും ചെയ്യില്ല. ഫള്ൽ മുഖേനയാണ് മഅ്രിഫത്ത് വരുന്നത്. അപ്പോൾ ആ മഅ്രിഫത്ത് മുഖേന സത്യം തിരിച്ചറിയാനും സത്യം അന്വേഷിക്കാനുമുള്ള കവാടം തുറക്കപ്പെടുന്നു."

(സത്യം കാണാൻ സാധിക്കുന്നു. അതേപോലെ സത്യത്തി ലേക്കുള്ള മറ്റു കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യുന്നു.) ഫള്ൽ കാരണമായി തന്നെ ആ കവാടം തുറന്നിടപ്പെടുന്നു. (അല്ലാഹുവിന്റെ ഫള്ൽ വന്നു കൊണ്ടേ ഇരിക്കുന്നു. ആ ഫള്ൽ വരുന്നതു കാരണം മഅ്രിഫത്തിന്റെ കവാടം തുറന്നിടപ്പെടുന്നു.) അത് ഒരിക്കലും അടച്ചിടപ്പെടുകയില്ല. ചുരുക്കത്തിൽ മഅ്രിഫത്ത്, ദൈവകൃപ മുഖേനയാണ് ലഭിക്കുന്നത്. അത് ദൈവകൃപയാലാണ് നിലനിൽക്കുന്നത്. ഫള്ൽ മഅ്രിഫത്തിനെ ശുദ്ധവും തെളിഞ്ഞതുമാക്കി മാറ്റുന്നു. ഇടയിലുള്ള മറകളെ അത് നീക്കികളയുകയും ചെയ്യുന്നു. നഫ്സെ അമ്മാറയുടെ പൊടിപടലങ്ങളെ അത് ദൂരീകരിക്കുന്നു. ആത്മാവിന് ശക്തിയും ജീവനും നൽകുന്നു. ദുഷ്ടാത്മാവിനെ ദോശങ്ങളിൽ നിന്നും മോചിപ്പിക്കുന്നു. ദുരാഗ്രഹങ്ങളുടെ അശുദ്ധിയിൽ നിന്നും ശുദ്ധമാക്കുന്നു. ശരീരേച്ഛയുടെ കുത്തൊഴുക്കിൽ നിന്നും അതിനെ രക്ഷിച്ച് കരക്കെത്തിക്കുന്നു. അപ്പോൾ മനുഷ്യനിൽ ഒരു മാറ്റം ഉണ്ടായിത്തീരുന്നു. അവിശുദ്ധ ജീവിതത്തിൽ നിന്നും സ്വയം അത് അകലാൻ തുടങ്ങുന്നു. ഫള്ലിന് ശേഷം ആദ്യമായി ആത്മാവിൽ ഉണ്ടായിത്തീരുന്ന പ്രവർത്തി എന്നത് ദുഃആയാണ്. ഞങ്ങൾ നിത്യവും ദുഃആ ചെയ്യാറില്ലെ, എല്ലാ നമസ്കാരവും ദുഃആയല്ലെ എന്ന് നിങ്ങൾ പറയരുത്. കാരണം മഅ്രിഫത്തിന് ശേഷം ഫള്ൽ മുഖേന ഉണ്ടാകുന്ന ദുഃആക്ക് മറ്റൊരു രൂപവും ഭാവവും ആയിരിക്കും ഉണ്ടാകുക. അത് പൂർണ്ണമായും ഇല്ലതാക്കുന്ന ഒന്നാണ്. അത് എരിച്ച് കളയുന്ന അഗ്നിയാണ്. കാരുണ്യ ത്തെ ആകർഷിക്കുന്ന ഒരു കാന്തിക ശക്തിയാണത്. അത് മരണമാണ്. അവസാനം അത് ജീവിപ്പിക്കുകയും ചെയ്യുന്നു. അത് കുത്തി ഒഴുകുന്ന ഒരു വെള്ളച്ചാട്ടമാണ്. അവസാനം അത് ഒരു നൗകയായിത്തീരുന്നു. എല്ലാ താറുമാറായ കാര്യങ്ങളും ഇതു മുഖേന ശരിയായിത്തീരുന്നു. എല്ലാ വിഷവും ഇതു മുഖേന ഔഷധമായിത്തീരുകയും ചെയ്യുന്നു." ഇതാണ് മഅ്രിഫത്തിന്റെ സ്ഥാനം.

മനുഷ്യൻ തിന്മയിലേക്ക് വേഗം വീണുപോകുന്നതും നഫ്സെ അമ്മാറാ ഹൃദയത്തെ വേഗം കീഴ്പ്പെടുത്തുന്നതും എന്തുകൊണ്ട് എന്നതിനെ കുറിച്ച് പറയുന്നു. "തെറ്റു ചെയ്യാൻ ധൈര്യം കാണിക്കുന്നതിനുള്ള കാരണവും ദൈവ ഭയം ഹൃദയത്തിൽ ഇല്ല എന്നതാണ്. എന്നാൽ ഈ ഭയം എങ്ങിനെയാണ് ഉണ്ടായിത്തീരുന്നത്. ഇതിനായി ദൈവിക ജ്ഞാനം അനിവാര്യമാണ്. അല്ലാഹുവിനെ കുറിച്ചുള്ള ജ്ഞാനം വർധിക്കുന്നതനുസരിച്ച് ഭയവും വർധി ക്കുന്നതാണ്.

‘ഹർ കെ ആരിഫ് തർസാൻ തർ’ ജ്ഞാനി കൂടുതലായി ഭയപ്പെട്ടു ജീവിക്കുന്നതാണ്. ഇതിന് യഥാർഥത്തിൽ വേണ്ടത് ജ്ഞാനമാണ്.ജ്ഞാനമുണ്ടായാൽ ഭയമുണ്ടാകുന്ന താണ്.'' (മഅ്രിഫത്ത് ഉണ്ടായിക്കഴിഞ്ഞാൽ ഭയം ഉണ്ടാകുന്നതാണ്. അല്ലാഹുവിനെ കുറിച്ച് ശരിക്കും അറിഞ്ഞാൽ മാത്രമേ ഭയവും ഉണ്ടാവുകയുള്ളൂ.) ജ്ഞാനമുണ്ടായിക്കഴിഞ്ഞാൽ മനുഷ്യൻ ചെറിയ ചെറിയ കീടങ്ങളെ പോലും ഭയക്കുന്നു. (ഏതെല്ലാം കീടങ്ങളെ കുറിച്ചാണോ മനുഷ്യന് ശരിയായ അറിവ് ലഭിക്കുന്നത് അതിനെ പോലും അവൻ ഭയക്കാൻ തുടങ്ങുന്നു.) തേളിനെ കുറിച്ചും കൊതുകിനെ കുറിച്ചും ശരിയായി അറിവ് ലഭിച്ചാൽ അവയിൽ നിന്ന് രക്ഷപ്പെടാൻ ഓരോരുത്തരും ശ്രമിക്കുന്നതാണ്. എന്നാൽ സർവശക്തി മാനും എല്ലാം അറിയുന്നവനും കാണുന്നവനും ആകാശഭൂമി കളുടെ ഉടമസ്ഥനുമായ ദൈവത്തിന്റെ കൽപനകൾക്കെതി രിൽ സധൈര്യം എന്തുകൊണ്ട് മനുഷ്യൻ പ്രവർത്തിക്കുന്നു. ഇതിനെ കുറിച്ച് ചിന്തിച്ചാൽ നമുക്ക് മനസ്സിലാകുന്നത് യഥാർഥ ജ്ഞാനം ഇല്ല എന്നതാണ്. (അല്ലാഹുവിനെ കുറിച്ചുള്ള ശരിയായ അറിവ് ഇല്ലാത്തതാണ് തിന്മ ചെയ്യാൻ കാരണമാകുന്നത്) നാവുകൊണ്ട് ദൈവം ഉണ്ടെന്ന് പറയുന്ന പലരുമുണ്ട്. എന്നാൽ അവരെ ഒന്ന് പരിശോധിച്ചാൽ അവരുടെ അന്തരംഗത്ത് നിരീശ്വരത്തമാണുള്ളതെന്ന് മനസ്സിലാക്കാം. കാരണം ഭൗതിക ജോലികളിൽ മുഴുകു മ്പോൾ അല്ലാഹുവിന്റെ കോപത്തെയും അവന്റെ മഹത്വ ത്തെയും പൂർണമായും അവൻ മറന്നു കളയുന്നു. അതുകൊ ണ്ട് ദുഃആ മുഖേന അല്ലഹുവിനോട് മഅ്രിഫത്ത് ചോദിക്കുക എന്നത് നിർബന്ധമാണ്. ഇതില്ലാതെ പൂർണമായ ദൃഢ വിശ്വാസം ഒരിക്കലും കരഗതമാകുന്നതല്ല. അല്ലാഹുവുമായി ബന്ധം വിച്ഛേദിക്കുന്നതിലൂടെ ഒരു മരണമാണ് വരിക്കുന്ന തെന്ന ശരിയായ അറിവ് ഉണ്ടാകാത്തതു വരെ ഇതു ലഭിക്കുന്നതല്ല. പാപങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനായി ദുഃആ ചെയ്യുന്നതോടൊപ്പം അതിനുള്ള മാർഗങ്ങൾ കൈവിടാനും പാടുള്ളതല്ല. തിന്മക്ക് പ്രേരണ നൽകുന്ന എല്ലാ സദസ്സുകളും സഭകളും നിങ്ങൾ ഉപേക്ഷിക്കുക. കൂടെ പ്രാർഥിക്കുകയും ചെയ്യുക.'' (ഇക്കാലത്ത് എല്ലാ സദസ്സുക ളും തിന്മയിലേക്ക് കൊണ്ടു പോകുന്നതാണ്. ചില സ്ഥലത്ത് ടി.വിയായിരിക്കും. ഇന്റർനെറ്റ് ഉണ്ടാകും. ഫെയ്സ്ബുക്ക് ഉണ്ടാകും. ഇവയെ കുറിച്ചെല്ലാം ഭൗതികരായവർ പോലും അപകടരമാണെന്ന് മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. മുമ്പ് വന്ന ഒരു വാർത്തയിൽ അമേരിക്കയിൽ തന്നെ ഫെയ്സ് ബുക്ക് ജനങ്ങൾക്കിടയിൽ അസ്വസ്ഥത പരത്തി യിരിക്കുന്നു. ഇതിന്റെ ഫലമായി 6 ലക്ഷം അകൗണ്ട് അവിടെ മരവിപ്പിച്ചിരിക്കുകയാണ്.) പറയുന്നു; “ദുഃആ ചെയ്യുന്നതോ ടൊപ്പം തിന്മയിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗങ്ങൾ കൈ വിട്ടുകളയുകയും ചെയ്യരുത്. തിന്മക്ക് പ്രേരണ നൽകുന്ന എല്ലാ സദസ്സുകളും സഭകളും നിങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുക. കൂടെ ദുഃആ ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുക. അറിയുക. ദൈവവിധിയോടൊപ്പം മനുഷ്യന് വന്നു ഭവിക്കുന്ന വിപത്തുകളിൽ നിന്നും രക്ഷപ്പെടേണമെങ്കിൽ അല്ലാഹുവിന്റെ സഹായം കൂടെ ഉണ്ടായിരിക്കേണ്ടതാണ്.''

പാപങ്ങളിൽ നിന്നും രക്ഷപ്പെടണമെങ്കിൽ മഅ്രിഫത്തെ ഇലാഹി ഇല്ലാതെ സാധ്യമല്ലെന്ന് വിശദീകരിച്ചുകൊണ്ട് പറയുന്നു; “ഓർക്കുക! പാപങ്ങളിൽ നിന്നും രക്ഷപ്പെടാ നുള്ള തൗഫീഖ് ലഭിക്കുന്നത് മനുഷ്യൻ പൂർണമായ രീതിയിൽ അല്ലാഹുവിൽ വിശ്വസിക്കുമ്പോഴാണ്. പാപത്തി ന്റെ കരാള ഹസ്തത്തിൽ നിന്നും രക്ഷ പ്രാപിക്കുക എന്നതാണ് മനുഷ്യ സൃഷ്ടിപ്പിന്റെ യഥാർത്ഥ ലക്ഷ്യം തന്നെ. നോക്കുക ഒരു പാമ്പിനെ കാണാൻ നല്ല ഭംഗിയു ണ്ടാകും. ഒരു കുട്ടി അതിനെ കൈകൊണ്ട് പിടിക്കാൻ ആഗ്രഹിച്ചേക്കാം. ഒരു പക്ഷേ പിടിക്കുകയും ചെയ്തേക്കാം. എന്നാൽ ഈ പാമ്പ് കടിച്ചാൽ താൻ മരിക്കും എന്ന് ബോധമുള്ള ഒരു ബുദ്ധിമാൻ ഒരിക്കലും അതിനെ ചാടി പ്പിടിക്കാൻ ധൈര്യം കാണിക്കില്ല. ഏതെങ്കിലും കെട്ടിട ത്തിൽ പാമ്പ് ഉണ്ടെന്നറിഞ്ഞാൽ തന്നെ അതിൽ അവൻ പ്രവേശിക്കില്ല. അതുപോലെ എന്നെ നശിപ്പിക്കുന്നതാണ് വിഷം എന്നറിയുന്ന വ്യക്തി അത് ഭക്ഷിക്കാൻ ധൈര്യം കാണിക്കില്ല. ഇതേപോലെ പാപത്തെ അപകടകാരിയായ വിഷമായി മനസ്സിലാക്കാത്തതുവരെ ഇതിൽ നിന്നും രക്ഷപ്പെടാനും സാധ്യമല്ല. ഈ ദൃഢ വിശ്വാസം മഅ്രിഫിത്ത് ഇല്ലാതെ കരഗതമാകില്ല. (വിഷവും പാമ്പും എല്ലാം അപകടകാരികളാണെന്ന് മനുഷ്യന് തിരിച്ചറിവ് ഉള്ളത് കൊണ്ടാണ് അതിൽ നിന്നും രക്ഷപ്പെടുന്നത്) അതിനാൽ പാപം ചെയ്യുന്നതിൽ മനുഷ്യൻ ഇത്രമാത്രം ധൈര്യപ്പെടാൻ ഇതല്ലാതെ മറ്റെന്താണ് കാരണമുള്ളത്. അവൻ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെന്നും പാപത്തെ പാപമായി മനസ്സിലാ ക്കുകയും ചെയ്യുന്നു എന്നു പറയുന്നു. എന്നാൽ പാപത്തെ കരിച്ചു കളയുന്ന തരത്തിലുള്ള ജ്ഞാനം അവന് ഇല്ലാ എന്നതു തന്നെയാണ് ഇതിനുള്ള മുഖ്യ കാരണം. ഇതല്ലെങ്കിൽ ഇസ്‌ലാം അതിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന്, **മആദല്ലാഹ്** നമുക്ക് പറയേണ്ടതായി വരും. എന്നാൽ എനിക്ക് പറയാനുള്ളത് ഈ പറയുന്നത് ശരിയല്ല എന്നാണ്. ഇസ്‌ലാം മാത്രമാണ് ഈ ലക്ഷ്യത്തെ പൂർണമായ രീതിയിൽ പൂർത്തിയാക്കുന്നത്. ഇതിനുള്ള ഒരേ ഒരു മാർഗം ദൈവിക ഭാഷണമാകുന്നു. ഇതു മുഖേനയാണ് അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ച് പൂർണമായ അറിവ് കരഗതമാകുന്നത്. അല്ലാഹു തിന്മയെ വെറുപ്പോടെ കാണുന്നു എന്നും അവൻ ശിക്ഷ നൽകുന്നു എന്നും ഇതിൽ നിന്നാണ് മനസ്സിലാകുന്നത്. പാപം ഒരു വിഷമാണ്. അത് ചെറുതിൽ നിന്ന് തുടങ്ങുന്നു. വലുതായി മാറുന്നു. അവസാനം നിഷേധത്തിലേക്ക് മനുഷ്യനെ ചെന്നെത്തിക്കുന്നു.''

പാപത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി മഅ്രിഫ ത്തിന്റെ ആവശ്യമുണ്ടെന്ന് വിവരിച്ചുകൊണ്ട് പറയുന്നു; “മഅ്രിഫത്ത് പാപത്തിൽ നിന്നും മനുഷ്യനെ തടയുന്ന ഒന്നാണ്. എലിവിഷം, പാമ്പ്, സിംഹം എന്നിവ തന്റെ നാശത്തിന് കാരണമാകുമെന്ന് അറിയുന്ന വ്യക്തി അതിന്റെ സമീപത്ത് പോലും പോകില്ല. അതേപോലെ നിങ്ങൾക്ക് മഅ്രിഫത്ത് ഉണ്ടായാൽ തിന്മയുടെ സമീപത്തേക്ക് വരെ നിങ്ങൾ പോകില്ല. ഇതിന് ആവശ്യമായിട്ടുള്ളത് ദൃഢ ജ്ഞാനം വർധിപ്പിക്കുക എന്നതാണ്. അത് ദുഃആ മുഖേന വർദ്ധിക്കുന്നതാണ്. നമസ്കാരം തന്നെ ദുഃആയാണ്. നമസ്കാരത്തെ എത്രകണ്ട് ഭംഗിയാക്കി അനുഷ്ടിക്കുന്നോ അത്രകണ്ട് പാപത്തിൽ നിന്നും മോചനം ലഭിച്ചുകൊണ്ടിരി ക്കുന്നതാണ്. മഅ്രിഫത്ത് വെറും വാചകമടിയിലൂടെ നേടിയെടുക്കാൻ കഴിയില്ല. വലിയ വലിയ യുക്തിജ്ഞാ

നികൾ ദൈവത്തെ ഉപേക്ഷിക്കുവാനുള്ള കാരണം അവർ പ്രകൃതിയിൽ മാത്രം കണ്ണും നട്ടിരുന്നു എന്നതാണ്. ദുഃആയിലേക്ക് അവർ അല്പം പോലും ശ്രദ്ധിച്ചില്ല. ബറാഹീൻ എന്ന ഗ്രന്ഥത്തിൽ ഇതു സംബന്ധമായി നാം വിവരിച്ചിട്ടുള്ളതാണ്. സൃഷ്ടിയെക്കുറിച്ച് ചിന്തിച്ചാൽ സ്രഷ്ടാവ് ഉണ്ടായിരിക്കണം എന്ന നിഗമനത്തിലാണ് മനുഷ്യൻ എത്തിച്ചേരുന്നത്. ഒരു നിർമാതാവ് ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ അവൻ 'ഉണ്ട്' എന്ന അറിവിലേക്ക് അത് എത്തിക്കില്ല. ഉണ്ടായിരിക്കണം എന്നതും ഉണ്ട് എന്നതും രണ്ടും വ്യത്യസ്തമാണ്. ഉണ്ട് എന്ന അറിവ് ദുഃആ മുഖേനയല്ലാതെ ലഭിക്കുകയില്ല. യുക്തിയെ ഉപയോഗിക്കുന്നവർ ഉണ്ട് എന്ന അറിവിലേക്ക് എത്തില്ല. അതുകൊണ്ടാണ് പറയപ്പെടുന്നത്. ദൈവത്തെ ദൈവം മുഖേന മാത്രമേ തിരിച്ചറിയാൻ കഴിയുകയുള്ളൂ. *ഖുദാ റാ ബഖുദാ തമാം സനാഖ്ത്ത്,* ദൈവത്തെ ദൈവം മുഖേന തിരിച്ചറിയുന്നു. لَا تُدْرِكُهُ الْأَبْصَارُ എന്നതിന്റെ അർഥവും ഇതാണ്.

അവൻ യുക്തികൊണ്ട് മാത്രം തിരിച്ചറിയപ്പെടുന്നതല്ല. അവൻ പറഞ്ഞ വഴികളിലൂടെ മാത്രമേ അവൻ തിരിച്ചറിയപ്പെടുകയുള്ളൂ. ഇതിനായി اهدنا الصراط المستقيم صراط الّذين انعمت عليهم എന്നതിനേക്കാളും ഉത്തമമായ മറ്റൊരു ദുഃആയും ഇല്ല."

യഥാർഥ തൗബയെ കുറിച്ച് വിവരിച്ചുകൊണ്ട് പറയുന്നു; "അല്ലാഹുവിന്റെ അന്വേഷണത്തിൽ സ്ഥിരചിത്തതയോടുകൂടി മുഴുകുന്നവന് അവനെ ലഭിക്കുന്നു. അവനെ ലഭിക്കുക മാത്രമല്ല ചെയ്യുന്നത്, എന്റെ വിശ്വാസം ആ വ്യക്തി അവനെ കാണും എന്നാണ്. ഭൗതിക അറിവ് നേടാൻ എന്തുമാത്രം സമയവും പണവുമാണ് ചെലവഴിക്കപ്പെടുന്നത്. ഇത് ആത്മീയമായ അറിവ് കരസ്ഥമാക്കാൻ എന്തുമാത്രം പാടുപെടണമെന്ന് നമ്മോട് വിളിച്ചു പറയുകയാണ് ചെയ്യുന്നത്. (ഭൗതിക അറിവ് നേടാൻ പണവും സമയവും നാം ചെലഴിക്കുന്നതു പോലെ ആത്മീയ അറിവ് നേടാനും നാം ചെലവഴിക്കണം) ആത്മീയ വിദ്യാർഥിക്ക് പ്രാരംഭമായി വേണ്ടത് അവൻ ആദ്യം ദൈവത്തിന്റെ അസ്തിത്വത്തെ കുറിച്ചും അവന്റെ ഗുണങ്ങളെ കുറിച്ചും ഉള്ള അറിവ് കരസ്ഥമാക്കുക എന്നതാണ്. ആ അറിവ് ദൃഢജ്ഞാനത്തിന്റെ പദവി വരെ എത്തേണ്ടതാണ്. അപ്പോഴാണ് അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ചും അവന്റെ പരിപൂർണഗുണങ്ങളെ കുറിച്ചും അവന് അറിയാൻ സാധിക്കുക. അങ്ങനെ അവന്റെ അന്തരംഗം പൂർണ സംതൃപ്തിയോടെ ഞാൻ ദൈവത്തെ പ്രാപിച്ചിരിക്കുന്നു എന്ന് വിളിച്ചു പറയുന്നതാണ്. അല്ലാഹുവിന്റെ അസ്തിത്വത്തിൽ ഇങ്ങനെയുള്ള വിശ്വാസം കൈവന്നാൽ, അത് ദൃഢജ്ഞാനത്തിന്റെ പദവി വരെ എത്തിക്കഴിഞ്ഞാൽ, ഞാൻ ദൈവത്തെ കണ്ടെന്ന് മനുഷ്യൻ അനുഭവിച്ചറിഞ്ഞാൽ, അവന്റെ ഗുണങ്ങളെ കുറിച്ച് യഥാർഥ അറിവ് ലഭിച്ചു കഴിഞ്ഞാൽ തിന്മയോട് വെറുപ്പുണ്ടായിത്തീരുന്നതാണ്. നേരത്തെ തിന്മയിലേക്ക് ചാഞ്ഞുകൊണ്ടിരുന്ന പ്രകൃതം അതിൽ നിന്ന് അകലുകയും അതിനോട് വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇതാണ് തൗബ."

മഅ്രിഫത്തെ ഇലാഹി കാരസ്ഥമാക്കാൻ اهدنا الصراط المستقيم എന്നതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു; "അഞ്ചുനേര ഫർള് നമസ്കാരങ്ങളിൽ ഓതുന്ന സൂറാ ഫാത്തിഹയിൽ اهدنا الصراط المستقيم صراط الّذين انعمت عليهم എന്ന ദുഃആയാണ് പഠിപ്പിച്ചു തന്നിരിക്കുന്നത്. അതിനാൽ ഈ അനുഗ്രഹം നമുക്ക് ലഭിക്കില്ലെന്ന് ഈ സമുദായത്തിലുള്ളവർ എന്തിന് നിഷേധിക്കണം. അല്ലാഹുവിനോട് സൂറാ ഫാത്തിഹയിൽ ചോദിക്കപ്പെടുന്ന അനുഗ്രഹം, പ്രവാചകന്മാർക്ക് നൽകപ്പെട്ടതാണ്. അത് ദിർഹവും ദിനാറുമായിരുന്നോ? അല്ല. പ്രവാചകന്മാർക്ക് ദൈവഭാഷണമാകുന്ന അനുഗ്രഹമാണ് ലഭിച്ചത് എന്ന് വ്യക്തമാണ്. അതുകാരണം അവർക്ക് ലഭിച്ച മഅ്രിഫത്ത് ഹഖ്ഖുൽ യഖീൻ വരെ എത്തിയിരുന്നു. ഭാഷണം എന്നത് കാണുന്നതിനു സമാനമായിരുന്നു. (അല്ലാഹുവിന്റെ ഭാഷണം അവനെ കാണുന്നതിന് തുല്യമായിരുന്നു. അല്ലാഹുവുമായി അത്രയും അവർ അടുക്കുകയുണ്ടായി) അതിനാൽ നമ്മൾ ചെയ്യുന്ന ഈ ദുഃആ അതായത്, അല്ലാഹുവേ അനുഗ്രഹീതർക്ക് ലഭിച്ച അനുഗ്രഹങ്ങൾ ഞങ്ങൾക്കും നൽകേണമേ എന്നതിന്റെ അർഥം ഞങ്ങൾക്കും ദൈവഭാഷണമകുന്ന അനുഗ്രഹം നൽകേണമേ എന്നല്ലാതെ മറ്റെന്താണ്?"

"ചില വിവരദോഷികൾ പറയുന്നത് ഈ പ്രാർഥനയുടെ അർഥം ഇത്രമാത്രമാണെന്നാണ്. അതായത് ഞങ്ങളുടെ വിശ്വാസം ശക്തിപ്പെടുത്തേണമേ, ഞങ്ങൾക്ക് സൽപ്രവർത്തി ചെയ്യാനുള്ള തൗഫീഖ് നൽകേണമേ, നീ തൃപ്തിപ്പെടുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നീ ഞങ്ങളെക്കൊണ്ട് ചെയ്യിപ്പിക്കേണമേ. എന്നാൽ ഈ വിവര ദോഷികൾ അറിയാതെ പോകുന്ന ഒരു കാര്യമുണ്ട്. വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതും സൽപ്രവർത്തികൾ ചെയ്യാൻ കഴിവ് ലഭിക്കുന്നതും അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് ജീവിക്കുക എന്നതും എല്ലാം തന്നെ പരിപൂർണജ്ഞാനം കരസ്ഥമാക്കുന്നതിലൂടെ മാത്രമേ കരഗതമാകുകയുള്ളൂ. അല്ലാഹുവിനെ കുറിച്ചുള്ള ജ്ഞാനത്തിന്റെ അംശം ലഭിക്കാത്ത ഹൃദയം ദൃഢവിശ്വാസത്തിൽ നിന്നും സദ്പ്രവർത്തികളിൽ നിന്നും അകറ്റപ്പെടുന്നതാണ്. മഅ്രിഫത്ത് മുഖേനയാണ് ദൈവ സ്നേഹം ഹൃദയത്തിൽ അലയടിക്കുന്നത്. ഭൗതിക ലോകത്തും നാം ഇതാണ് കാണുന്നത്. ഓരോ വസ്തുവിനെ കുറിച്ചുള്ള ഭയമോ സ്നേഹമോ അതിനെ കുറിച്ചുള്ള ജ്ഞാനത്താലാണുണ്ടാകുന്നത്. കൂരിരുട്ടിൽ ഒരു ക്രൂരനായ സിംഹം നിങ്ങളുടെ അടുത്ത് തന്നെ നിൽക്കുന്നു എന്നിരിക്കട്ടെ. എന്നാൽ ഇത് ക്രൂരനായ സിംഹമാണെന്ന് നിങ്ങൾക്ക് അറിവില്ലെങ്കിൽ, ഇത് ഒരാടാണെന്ന് നിങ്ങൾ കരുതുന്നതെങ്കിൽ നിങ്ങൾക്ക് അതിനെ കുറിച്ച് ഭയമൊന്നും ഉണ്ടാകുകയേ ഇല്ല. എന്നാൽ ഇത് ക്രൂരനായ സിംഹമാണെന്ന അറിവ് ലഭിച്ച മാത്രയിൽ തന്നെ നിങ്ങൾ അന്താളിച്ച് അവിടെ നിന്ന് ഓടിപ്പോകുന്നതാണ്. അതേപോലെ ഒരു രത്നം ഒരു കാട്ടിൽ നിന്നും നിങ്ങൾക്ക് ലഭിച്ചു എന്നിരിക്കട്ടെ. അതിന്റെ മൂല്യം ലക്ഷക്കണക്കിന് രൂപയും ഉണ്ടെന്നിരിക്കട്ടെ. അതിനെ നിങ്ങൾ ഒരു കല്ലിന്റെ കഷ്ണമായി മാത്രം മനസ്സിലാക്കുകയാണെങ്കിൽ അതിന് നിങ്ങൾ ഒരു വിലയും കൽപ്പിക്കില്ല. എന്നാൽ ആ കല്ല് അമൂല്യമായ രത്നമാണെന്ന് നിങ്ങൾ അറിഞ്ഞാൽ അതിനോടുള്ള സ്നേഹത്തിൽ നിങ്ങൾ സർവതും മറക്കുന്നവരായി മാറും. നിങ്ങളുടെ കഴിവിന്റെ പരമാവധി അതു കരസ്ഥമാക്കാനായി നിങ്ങൾ പരിശ്രമിക്കുകയും ചെയ്യുന്നതാണ്. ഇതിൽ നിന്നും മനസ്സിലാകുന്നത് എല്ലാ സ്നേഹവും

ഭയവും മഅ്രിഫത്തുമായാണ് ബന്ധപ്പെട്ടു നിൽക്കുന്നത്. വിഷമുള്ള ഒരുസർപ്പം കിടക്കുന്ന മാളത്തിൽ കയ്യിടാൻ മനുഷ്യൻ ധൈര്യം കാണിക്കില്ല. ഒരു വലിയ ഖജനാവ് മറഞ്ഞിരിക്കുന്നു എന്ന് അറിയുന്ന ഒരു കെട്ടിടം ഉപേക്ഷിക്കാനും അവൻ തയ്യാറാകുകയില്ല. ചുരുക്കത്തിൽ ഭയത്തിന്റെയും സ്നേഹത്തിന്റെയും എല്ലാം അടിത്തറ മഅ്രിഫത്തിൽ നിലനിക്കുന്നു. അല്ലാഹുവിലേക്ക് മനുഷ്യൻ പൂർണമായ രീതിയിൽ തിരിയണമെങ്കിൽ അവന് ദൈവത്തെ കുറിച്ചുള്ള ശരിയായ ജ്ഞാനം ഉണ്ടായിത്തീരേണ്ടതാണ്." (അല്ലാഹുവിനെ കുറിച്ചുള്ള ശരിയായ മഅ്രിഫത്ത് ഉണ്ടായാലാണ് അവനോട് ശരിയായ സ്നേഹം ഉണ്ടാകുന്നത്. ഭയവും മനസ്സിൽ ഉണ്ടാകുന്നതും)

പറയുന്നു;"ആദ്യം അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ചുള്ള അറിവ് ഉണ്ടാകണം. അതിനു ശേഷം അവന്റെ ഗുണങ്ങളെ കുറിച്ച് അറിയണം. ഇങ്ങനെയുള്ള മഅ്രിഫത്ത് ലഭിക്കണമെങ്കിൽ ദിവ്യ ഭാഷണം അവന് ലഭിക്കണം. അതിനുശേഷം ദൈവിക വെളിപാട് മുഖേന അല്ലാഹു അദൃശ്യ ജ്ഞാനങ്ങൾ അറിയുന്നവനാണെന്ന അറിവ് ഉണ്ടാകണം. ഉദ്ദേശിക്കുന്നതെന്തും ചെയ്യാൻ കഴിവുള്ളവനാണ് ദൈവമെന്നും മനസ്സിലാക്കണം.

അതിനാൽ യഥാർഥ വിശ്വാസവും സൽപ്രവർത്തിയും എല്ലാം അടിസ്ഥാനമാക്കിയിരിക്കുന്ന ശക്തി അല്ലാഹുവിന്റെ ഭാഷണമാകുന്നു. ഇതു മുഖേന ആദ്യം ദൈവം ഉണ്ടെന്ന് അറിയുന്നു. പിന്നീട് അവന്റെ ശക്തി പ്രഭാവങ്ങളെ കുറിച്ച് അറിവ് ലഭിക്കുന്നു. ഈ അറിവുകളുടെ അടിസ്ഥാനത്തിൽ മനുഷ്യൻ ഇവയെല്ലാം സ്വന്തം കണ്ണുകളെ കൊണ്ട് കാണാൻ തുടങ്ങുന്നു. ഈ അനുഗ്രഹമാണ് പ്രവാചകന്മാർക്ക് നൽകപ്പെട്ടത്. അതിന് ശേഷം ഈ ഉമ്മത്തിലുള്ളവരോട് പറഞ്ഞത് ഈ അനുഗ്രഹം ലഭിക്കാനായി നിങ്ങൾ എന്നോട് തേടുക. നിങ്ങൾക്കും ഞാനിത് തരുന്നതാണ്." "അതിനാൽ ഈ അനുഗ്രഹം ലഭിക്കണമെന്നുള്ള ദാഹം ആരുടെ ഹൃദയത്തിലാണോ ഇട്ടിരിക്കുന്നത് അവർക്ക് ഈ അനുഗ്രഹം ലഭിക്കുന്നതാണ്."

നന്മ ചെയ്യുന്നതിനും തിന്മയെ കൈവെടിയുന്നതിനുമായി മഅ്രിഫത്തെ ഇലാഹി ആവശ്യമാണെന്ന് വിവരിച്ചുകൊണ്ട് പറയുന്നു;"എല്ലാ സൗഭാഗ്യങ്ങളുടെയും അടിസ്ഥാനം ദൈവത്തെ അറിയലിലൂടെയാണ്. ശരീരേച്ഛകളിൽ നിന്നും പൈശാചിക പ്രവണതകളിൽ നിന്നും മനുഷ്യനെ തടയുന്നത് ദൈവത്തെ കുറിച്ചുള്ള പരിപൂർണജ്ഞാനം ഒന്ന് മാത്രമാണ്. ഇതു മുഖേന ദൈവം ഉണ്ട് എന്നറിയാൻ കഴിയുന്നു. അവൻ സർവശക്തിമാനാണ്. അവൻ അതികഠിനമായി ശിക്ഷിക്കുന്നവനും കൂടിയാണ്. ഈ ഒരു മരുന്ന് മാത്രമാണ് മനുഷ്യന്റെ അശ്രദ്ധമായ ജീവിതത്തിൽ അവനെ എരിച്ചു കളയുന്ന മിന്നൽ പിണർപോലെ വീഴുന്നത്. അതുകൊണ്ട് **ആമൻത്തു ബില്ലാഹി** (അല്ലാഹുവിൽ വിശ്വസിച്ചു) എന്ന ആ സ്ഥാനത്തിന് മുകളിലേക്ക് കയറി **അറഫത്തുല്ലാഹ്** (അല്ലാഹുവിനെ തിരിച്ചറിഞ്ഞിരിക്കുന്നു) എന്ന പദവിവരെ എത്താത്തതുവരെ അവന് പാപങ്ങളിൽ നിന്നും രക്ഷപ്പെടാൻ പ്രയാസമാണ്. അല്ലാഹുവിന്റെ മഅ്രിഫത്തിലും സിഫത്തുകളിലും അടിയുറച്ച് വിശ്വസിച്ചതിന് ശേഷം പാപത്തിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കും എന്നത് ഒരു പച്ച പരമാർഥമാണ്. അതിനെ നമുക്ക് ഒരിക്കലും നിഷേധിക്കാൻ സാധ്യമല്ല. നിത്യ ജീവിതത്തിലെ അനുഭവം ഇതിന് സാക്ഷിയാണ്. ഏതൊന്നിനെയാണോ മനുഷ്യൻ ഭയക്കുന്നത് അതിന്റെ അടുത്തേക്ക് അവൻ പോകുന്നില്ല. പാമ്പ് കടിക്കുമെന്നും പാമ്പ്കടിയേറ്റവൻ മരിക്കുമെന്നും അറിയുന്നവൻ പാമ്പിന്റെ വായിൽ കയ്യിടാൻ തയ്യാറാകില്ല. മാത്രമല്ല വിഷപ്പാമ്പിനെ അടിച്ചു കൊന്ന വടിയുടെ അടുത്ത് പോകാൻ വരെ മനുഷ്യൻ ഭയക്കുന്നു. കാരണം ഈ വടിയിൽ അതിന്റെ വിഷം അല്പമെങ്കിലും പറ്റിക്കാണുമോ എന്ന ഭയം അവനിൽ ഉണ്ടാകുന്നു. ഇന്ന കാട്ടിൽ സിംഹമുണ്ടെന്ന് ഒരാൾക്ക് അറിയാൻ കഴിഞ്ഞാൽ അതിൽ യാത്ര ചെയ്യാൻ അവൻ തയ്യാറാകുന്നില്ല. കുട്ടികൾക്ക് പോലും ഈ ഒരു ബോധം ഉള്ളതാണ്. ഇന്ന വസ്തു വളരെ അപകടകാരിയാണെന്ന് അവരെ പറഞ്ഞ് ബോധ്യപ്പെടുത്തിയാൽ അവർ അതിനെ ഭയക്കുന്നു. അതിനാൽ അല്ലാഹുവിന്റെ മഅ്രിഫത്തും പാപം വിഷമാണെന്നുള്ള അറിവും മനുഷ്യന് ഉണ്ടാകാത്തിടത്തോളം ആരുടേയും ആത്മഹത്യയോ ബലിയുടെ രക്തംമോ ആർക്കും മോക്ഷം നേടിക്കൊടുക്കുന്നതല്ല. അതേപോലെ പാപ പങ്കിലമായ ജീവിതത്തിൽ മരണം വരികയുമില്ല. ഓർക്കുക! പാപങ്ങളുടെ വെള്ളപ്പൊക്കവും ദേഹേച്ഛയുടെ കുത്തൊഴുക്കും ശമിക്കണമെങ്കിൽ ദൈവം ഉണ്ട് എന്നും ആജ്ഞാലംഘകർക്ക് മീതെ പതിക്കുന്ന അവന്റെ വാള് ഉണ്ട് എന്നുമുള്ള വെട്ടിത്തിളങ്ങുന്ന ദൃഢവിശ്വാസം കൈവരിക്കേണ്ടിയിരിക്കുന്നു. ഇത് ഉണ്ടകാത്തതുവരെ തിന്മയിൽ നിന്നും രക്ഷപ്പെടാൻ സാധ്യമല്ല."

ഞങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നു എന്നും അവൻ ആജ്ഞാ ലംഘകർക്ക് ശിക്ഷ നൽകുന്നു എന്നും ഞങ്ങൾ അറിഞ്ഞിട്ടും തിന്മ ഞങ്ങളിൽ നിന്നും അകലുന്നില്ലെന്ന് വല്ലവരും പറയുകയാണെങ്കിൽ എനിക്ക് പറയാനുള്ള മറുപടി ഇത്രമാത്രമാണ്. ഇത് തികച്ചും കളവാണ്. മാത്രമല്ല ആത്മാവ് അവനെ വഞ്ചിക്കുകയുമാണ് ചെയ്യുന്നത്. യഥാർഥവിശ്വാസവും സംശുദ്ധമായ ദൃഢജ്ഞാനവും അതേപോലെ തിന്മയും തമ്മിൽ പരസ്പരം ശത്രുതയുണ്ട്. ശരിയായ മഅ്രിഫത്തും അല്ലാഹുവിൽ ദൃഢമായ വിശ്വാസവും എവിടെയാണോ ഉള്ളത് അവിടെ പാപം ഉണ്ടാകാൻ ഒരിക്കലും സാധ്യമല്ല."

മറ്റൊരു സ്ഥലത്ത് പറയുന്നു, "ദൈവത്തെ തിരിച്ചറിയുന്നതിലേക്ക് വേഗം ഗമിക്കേണ്ടതാണ്. അല്ലാഹുവിനെ തിരിച്ചറിയുന്നവർക്കാണ് അവനെ കുറിച്ചുള്ള രുചി അറിയുക. സത്യസന്ധതയോടും കൂറോടും കൂടി അവനിലേക്ക് പോകാൻ ശ്രമക്കാത്തവരുടെ ദുഃആ വ്യക്തമായ നിലയിൽ സ്വീകരിക്കപ്പെടുകയില്ല. അന്ധകാരത്തിന്റെ ഏതെങ്കിലും ഒരംശം എപ്പോഴും അവനോടൊപ്പം ഉണ്ടായിക്കൊണ്ടേ ഇരിക്കും. അല്ലാഹുവിലേക്ക് അല്പം അടുക്കാൻ ശ്രമിച്ചാൽ അവൻ കൂടുതൽ വേഗത്തിൽ നിങ്ങളിലേക്ക് വരുന്നതാണ്. എന്നാൽ ആദ്യചലനം നിങ്ങളിൽ നിന്നാണ് ഉണ്ടാകേണ്ടത്. ഒന്നും ചെയ്യാതെ അവനിൽ നിന്ന് എല്ലാം ലഭിക്കുമെന്ന ചിന്ത വ്യാജമാണ്. അല്ലാഹുവിന്റെ നടപടിക്രമം ഇപ്രകാരമാണ്. തുടക്കത്തിൽ മനുഷ്യനിൽ നിന്ന് ഒരു ചലനമുണ്ടാകണം. അതിന് പകരം അല്ലാഹു അതിന്റെ ഫലമുളവാക്കുന്നു. ഒരാൾ തന്റെ വീടിന്റെ കവാടങ്ങളും ജനലുകളും അടക്കുകയാണെന്നിരിക്കട്ടെ. അടക്കുക എന്ന പ്രവർത്തി

മനുഷ്യന്റെതാണ്. എന്നാൽ അതിന് പകരമായി അല്ലാഹുവിന്റെ പ്രവൃത്തി എന്താണ്? അവൻ ആ വീട്ടിൽ ഇരുട്ട് വ്യാപിപ്പിക്കുന്നു. എന്നാൽ മനുഷ്യൻ ഈ ആത്മീയ മണ്ഡലത്തിൽ കയറി ക്ഷമ കാണിക്കേണ്ടതാണ്.''

ചിലർ പറയാറുള്ളത് ഞങ്ങൾ എല്ലാ നന്മകളും ചെയ്തു, നമസ്കരിച്ചു, നോമ്പെടുത്തു, സദഖയും ദാനധർമവും ചെയ്തു, കഠിന പ്രയതനവും ചെയ്തു, എന്നാൽ ഞങ്ങൾക്കൊന്നും നേടാൻ കഴിഞ്ഞില്ല എന്നാണ്. അവർ യഥാർഥത്തിൽ സംശയാലുക്കളാണ്. അല്ലാഹുവിന്റെ റബൂബിയ്യത്തിൽ (പരിപാലകത്വത്തിൽ) വിശ്വസിക്കുന്നില്ല. മാത്രമല്ല, ആ എല്ലാ പ്രവൃത്തിയും തന്നെ അല്ലാഹുവിന് വേണ്ടിയായിരിക്കില്ല ചെയ്തിരിക്കുക. അല്ലാഹുവിന് വേണ്ടി വല്ല പ്രവൃത്തിയും ചെയ്തിട്ടുണ്ടെങ്കിൽ അത് ഒരു കാരണവശാലും പാഴായിപ്പോകില്ല. അല്ലാഹു അതിനുള്ള പ്രതിഫലം ഈ ജീവിതത്തിൽ തന്നെ നൽകുന്നതാണ്. അതുകൊണ്ട് പലരും ദൈവത്തെക്കുറിച്ച് സംശയത്തിലാണ് ജീവിതം കഴിച്ചു കൂട്ടുന്നത്. അവർക്ക് അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ച് അറിവ് തന്നെ ഉണ്ടാകില്ല. അല്ലാഹു ഉണ്ടോ ഇല്ലയോ എന്നവർക്കറിയില്ല. ഒരു വസ്ത്രം തുന്നിയിട്ടുണ്ടെങ്കിൽ ഒരു തയ്യൽക്കാരൻ ഇതിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടെന്ന് മനുഷ്യന് അറിയാൻ കഴിയും. ഒരു ഘടികാരം നമുക്ക് സമയം പറഞ്ഞ് തരുന്നു. അത് ഒരു കാട്ടിൽ വെച്ച് വീണ് കിട്ടുകയാണെങ്കിലും ഇതിന്റെ നിർമാതാവ് ഉണ്ടെന്ന് അവന് മനസ്സിലാക്കാൻ സാധിക്കും. ഇതേപോലെ അല്ലാഹുവിന്റെ പ്രവൃത്തികളെ നോക്കുക. അവൻ ഏതേതെല്ലാം ഘടികാരങ്ങളാണ് നിർമിച്ച് വെച്ചിരികുന്നത്. പ്രകൃതിയിൽ അത്ഭുതമായ എന്തെല്ലാണുള്ളത് എന്ന് നോകുക, ഒരു ഭഗത്ത് അവന്റെ അസ്തിത്വത്തെ തെളിയിക്കുന്നതിനുള്ള ബുദ്ധിപരമായ തെളിവുകൾ ഉണ്ട്. മറുഭാഗത്ത് അടയാളങ്ങളു ഉണ്ട്. ഇതെല്ലാം തന്നെ മനുഷ്യനെ മഹത്വമുടയവനായ ഒരു ദൈവം ഉണ്ട് എന്ന് അംഗീകരിക്കുന്നു. ആദ്യം അവൻ തന്റെ വരിഷ്ഠ ദാസനിൽ തന്റെ ഇംഗിതം വെളിപ്പെടുത്തുന്നു. ഈ മഹത്തായ മാതൃകയാണ് പ്രവാചകന്മാർ കൊണ്ടു വരുന്നത്. അതിനെയാണ് പ്രവചനങ്ങൾ എന്ന് പറയുന്നത്.''

പറയുന്നു;''മതത്തിന്റെ അടിസ്ഥാനം ദൈവത്തെ തിരിച്ചറിയലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കുറിച്ചുള്ള ജ്ഞാനവുമാണ്. ഇതിന്റെ ശാഖകൾ സൽപ്രവൃത്തിയും അതിന്റെ പുഷ്പം ഉന്നത ധാർമിക ഗുണങ്ങളുമാണ്. അതിന്റെ ഫലം ആത്മീയമായ അനുഗ്രഹവും അഗാധമായ സ്നേഹവുമാകുന്നു. ആ സ്നേഹം ദൈവവും അവന്റെ ദാസനുമായി ഉണ്ടായിത്തീരുന്നതാണ്. ആ ഫലത്തിൽ നിന്നും ഫലമെടുക്കുക എന്നത് ആത്മീയ വിശുദ്ധി കൈവരിക്കലാണ്. സമ്പൂർണമായ മഅ്രിഫത്ത് മുഖേനയാന് ഇത് ഉണ്ടാകുന്നത്. ദൈവപ്രേമം മഅ്രിഫത്തനുസരിച്ച് വർധിക്കുന്നതാണ്. വ്യക്തിപരമായ സ്നേഹം ഉണ്ടായിക്കഴിഞ്ഞാൽ ആ ദിവസമാണ് പുതിയ ജീവിതത്തിന്റെ ആദ്യ ദിവസം. പുതിയ പ്രപഞ്ചത്തിന്റെ പുതിയ ഘട്ടം. ദൈവം ഒരു മുത്താണ്. അവനെ തിരിച്ചറിഞ്ഞു കഴിഞ്ഞാൽ ഭൗതിക വസ്തുക്കളെ വളരെ നിന്ദ്യതയോടും ലജ്ജയോടും കൂടിയാണ് മനുഷ്യൻ നോക്കുക. അതിലേക്ക് കണ്ണ് പതിപ്പിക്കാൻ തന്നെ അവന് തന്റെ ആത്മാവിനെ നിർബന്ധിക്കേണ്ടതായി വരുന്നു. അതിനാൽ അല്ലാഹുവിന്റെ മഅ്രിഫത്തിനെ ആഗ്രഹിക്കുക. അവനിലേക്ക് തന്നെ കുതിക്കുക. വിജയം ഇതിലാണ് നിലകൊള്ളുന്നത്.''

പറയുന്നു; ''ഞാൻ സത്യമായും പറയുന്നു; മനുഷ്യന്റെ തഖ്‌വ, വിശ്വാസം, ആരാധന, വിശുദ്ധി എല്ലാം തന്നെ ആകാശത്ത് നിന്നാണ് വരുന്നത്. ഇവയെല്ലാം അല്ലാഹുവിന്റെ ഫള്‌ലുമായി ബന്ധപ്പെട്ടു നിൽക്കുന്നു. അവൻ ഉദ്ദേശിച്ചാൽ അതിനെ നിലനിർത്താം. അതിനെ അകറ്റിക്കളയുകയും ചെയ്യാം. യഥാർഥ മഅ്രിഫത്ത് എന്ന് പറഞ്ഞാൽ മനുഷ്യൻ തന്റെ നഫ്സിനെ ഒന്നുമല്ലാത്തവനും എല്ലാം കവർന്നെടുക്കപ്പെട്ടവനുമായി മനസ്സിലാക്കുക. അങ്ങനെ ദൈവസവിധത്തിൽ മുട്ടു കുത്തിക്കൊണ്ട് വിനയത്തോടും ഏറെ താഴ്മയോടും കൂടി അല്ലാഹുവിന്റെ ഫള്‌ലിനെ അന്വേഷിക്കുക. മഅ്രിഫത്ത് ആവശ്യപ്പെടുക. അത് ദേഹേച്ഛയെ കത്തിച്ച് ചാമ്പലാക്കുന്നതാണ്. ഉള്ളിൽ നന്മ ചെയ്യാനുള്ള ഒരു ചൂടും ആവേശവും ഉണ്ടാകുന്നു. അവന്റെ ഫള്‌ലിൽ നിന്ന് ഒരു അംശം ലഭിച്ചു കഴിഞ്ഞാൽ എപ്പോഴെങ്കിലും ആത്മീയ വിശാലതയും മന സംതൃപ്തിയും കൈവരിച്ചു കഴിഞ്ഞാൽ ഒരിക്കലും അഹങ്കരിക്കാതിരിക്കുക. വിനയത്തിലും എളിമയിലും മുന്നേറുകയാണ് ചെയ്യേണ്ടത്. തന്നെ ഒന്നുമല്ലെന്ന് കരുതുന്നതനുസരിച്ച് ആത്മീയ അവസ്ഥകളും പ്രകാശങ്ങളും അല്ലാഹുവിൽ നിന്ന് ഇറങ്ങിക്കൊണ്ടിരിക്കും. അത് അവർക്ക് പ്രകാശവും ശക്തിയും നൽകുന്നതാണ്. മനുഷ്യൻ ഈ വിശ്വാസം വെച്ചു പുലർത്തുകയാണെങ്കിൽ അല്ലാഹുവിന്റെ ഫള്‌ലോടുകൂടി അവന്റെ സ്വഭാവ ഗുണങ്ങൽ നല്ലതായിത്തീരുമെന്ന് പ്രതീക്ഷിക്കാം. താൻ വല്ലതുമാണെന്ന് ഭൗതിക ലോകത്ത് കരുതുന്നതും അഹങ്കാരമാണ്. ഈ അവസ്ഥ മറ്റുള്ളവരെ ശപിക്കാനും അവരെ ചെറുതായി കാണാനും അവനെ പ്രേരിപ്പിക്കുന്നു.''

പറയുന്നു; ''ഞാൻ ഈ കാര്യങ്ങളെല്ലാം വീണ്ടും വീണ്ടും പറയാനുള്ള കാരണം അല്ലാഹു ഈ ജമാഅത്തിനെ ഉണ്ടാക്കാൻ ഉദ്ദേശിച്ചത് ലോകത്ത് നിന്ന് ഇല്ലാതായിപ്പോയ മഅ്രിഫത്ത് ഉണ്ടാക്കാനും ഇക്കാലത്ത് ഇല്ലാതായിത്തീർന്ന യഥാർത്ഥ തഖ്‌വയും വിശുദ്ധിയും വീണ്ടും ഉണ്ടാക്കാൻ വേണ്ടിയാണ്.''

ഇതു സംബന്ധമായി വീണ്ടും പറയുന്നു; ''ലോകത്ത് ഇപ്പോഴും തിന്മകളും കുറ്റകൃത്യങ്ങളും വളരെ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ദൈവത്തെ അറിയാനും ദൈവത്തെ പ്രാപിക്കാനുമുള്ള മാർഗങ്ങൾ ഇവിടെ കാണുന്നില്ല. അതിനാൽ അല്ലാഹു ഈ പ്രസ്ഥാനത്തെ രൂപീകരിച്ചിരിക്കുകയാണ്. തന്റെ കൃപാവരത്താൽ ഒന്നുകൊണ്ട് മാത്രം അവൻ എന്നെ അയച്ചിരിക്കുകയാണ്. അല്ലാഹുവിനെ കുറിച്ച് അശ്രദ്ധയിലും അജ്ഞതയിലും കഴിയുന്നവർക്ക് അവനെ കുറിച്ച് ഞാൻ അറിവ് നൽകുന്നതാണ്. അറിവ് നൽകുക മാത്രമല്ല, സത്യസന്ധതയോടും ക്ഷമയോടും സ്ഥിരചിത്തതയോടും കൂടി എന്നിലേക്ക് വന്നാൽ അവർക്ക് ദൈവത്തെ കാണിച്ചു കൊടുക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ടാണ് അല്ലാഹു എന്നെ സംബോധന ചെയ്തു കൊണ്ട് പറഞ്ഞത്, **അൻത്ത മിന്നീ വ അന മിൻക** നീ എന്നിൽ നിന്നാണ് (നീ ഞാൻ മുഖേനയാണ് വെളിപ്പെട്ടത്) ഞാൻ നിന്നിൽ നിന്നും.

ഈ ഒരു ലക്ഷ്യത്തിനായാണ് ആ മഹാത്മാവ് വന്നത്. അല്ലാഹുവിനെ കുറിച്ചുള്ള മഅ്രിഫത്ത് നമ്മിൽ ഉണ്ടാക്കിത്തീർക്കുക. അങ്ങനെ അല്ലാഹുവിനെ കാണുന്നവരായി നാം മാറുക. നമ്മുടെ ഓരോ പ്രവൃത്തിയും തന്നെ അല്ലാഹുവിന്റെ സ്നേഹവും ഭയവും മുമ്പിൽ കണ്ട് കൊണ്ട് ചെയ്യുക.

*നമ്മുടെ എല്ലാ തിന്മയെയും ഭസ്മമാക്കിക്കളയുന്ന മഅ്രിഫത്തെ ഇലാഹി നമ്മിൽ ഉണ്ടായിത്തീരട്ടെ. അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യം പൂർത്തിയാക്കുന്നവരായി നാം തീരട്ടെ. ഈ കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കാനും ഈ ആത്മാവിനെ മനസ്സിലാക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ.*

ജുമുഅ നമസ്കാരത്തിന് ശേഷം ഞാൻ ഹാളിൽപോയി ജനാസ ഹാളിൽ നമസ്കരിക്കുന്നതാണ്. നിങ്ങൾ ഇവിടെ മസ്ജിദിൽ എനിക്ക് പിന്നിൽ ജനാസ അനുഷ്ഠിക്കേണ്ടതാണ്. അബ്ദുസ്സുബ്ഹാൻ മന്നാൻ ദീൻ സാഹിബിന്റെ ജനാസയാണ്. അബ്ദുൽ മന്നാൻ ദീൻ സാഹിബിന്റെ മകനാണ്. 72 ാം വയസ്സിലാണ് വഫാത്തായത്. اِنَّا لِلّٰہِ وَاِنَّاۤ اِلَیۡہِ رٰجِعُوۡنَ ഇവിടെ വന്ന ആദ്യകാല ആളുകളിൽ പ്പെട്ട വ്യക്തിയാണ്. 1945 ലാണ് ഇംഗ്ലണ്ടിൽ വന്നത്. ജൽസാ സാലാനയിൽ 30 വർഷം വരെ ശുഅ്ബ അമാനത്തിൽ സേവനം ചെയ്തുകൊണ്ടിരുന്നു. നസീറുദ്ദീൻ സാഹിബിന്റെ പിതൃ സഹോദരപുത്രനാണ്. ജുമുഅക്ക് ശേഷം ജനാസ നമസ്ക്കരിക്കുന്നതാണ്.

# PRINTED BOOKS

To

If Undelivered Please Return To
**AHMADIYYA MUSLIM JAMA-AT**
**" Baitul Quddoos "**
**G.H.Road, Calicut -1**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 March 14 at : Baitul Futuh Mosque, London.
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T. Nasarudheen Calicut
Printed at: Digital Image Darussalam Complex Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**